# കേരള സർവകലാശാല

നം.പി.ആർ.24/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.കോം പ്രാക്ടിക്കൽ പരീക്ഷ 2019 ഫെബ്രുവരി 7 മുതൽ 11 വരെ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ട്രാൻസ്ക്രിപ്റ്റ്

സർവകലാശാലയുടെ ബി.ടെക് വിഭാഗത്തിൽ (2013 സ്കീം) കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്സ്/ഗ്രേഡ്സ് ലഭിക്കുന്നതിന് ആപ്ലിക്കേഷനും, അപേക്ഷാഫീസും, മാർക്ക്ലിസ്റ്റുകളുടേയും, ഡിഗ്രി/പ്രൊവിഷണൽ സർട്ടിഫിക്കറ്റിന്റെ പകർപ്പും നൽകിയാൽ മതിയാകും. ട്രാൻസ്ക്രിപ്റ്റിന്റെ മാതൃക വിദ്യാർത്ഥികൾ തയ്യാറാക്കേണ്ട ആവശ്യകതയില്ല. 2019 ഫെബ്രുവരി 1 മുതൽ വിദ്യാർത്ഥികൾക്ക് മേൽപറഞ്ഞ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്

### ഓൺലൈൻ രജിസ്ട്രേഷൻ

2019 ഫെബ്രുവരിയിൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.ആർക്ക് പരീക്ഷയുടെ (2013 സ്കീം) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ 2019 ഫെബ്രുവരി 7 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 11 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 14 വരെയും രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2019 മാർച്ച് 13 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾക്ക് പിഴ കൂടാതെ 2019 ഫെബ്രുവരി 6 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 8 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 11 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഒന്നാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) ബിരുദ പരീക്ഷ (2011 – 12 അഡ്മിഷന് മുൻപുള്ളത്) 2019 ഫെബ്രുവരി 27 നും, മൂന്നാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) ബിരുദ പരീക്ഷ (2011 – 12 അഡ്മിഷന് മുൻപുള്ളത്) 2019 മാർച്ച് 13 നും ആരംഭിക്കുന്നതാണ്. പരീക്ഷകൾക്ക് പിഴ കൂടാതെ 2019 ഫെബ്രുവരി 12 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 14 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 16 വരെയും അപേക്ഷിക്കാം. 2005, 2006, 2007 മേഴ്സിചാൻസ് വിദ്യാർത്ഥികൾ പരീക്ഷാഫീസിനൊപ്പം 2000 രൂപ മേഴ്സിചാൻസ് ഫീസായും 200 രൂപ സി.വി ക്യാമ്പ് ഫീസായും ഒടുക്കേണ്ടതാണ്. 2002, 2003, 2004 മേഴ്സിചാൻസ്

വിദ്യാർത്ഥികൾ പരീക്ഷാഫീസിനൊപ്പം 5000 രൂപ മേഴ്സിചാൻസ് ഫീസായും 200 രൂപ സി.വി ക്യാമ്പ് ഫീസായും ഒടുക്കേണ്ടതാണ്.

## പിഎച്ച്.ഡി നൽകി

സുമി എസ് (സിവിൽ എഞ്ചിനീയറിംഗ്), ദിവ്യ എം.പി, ഹരിത എച്ച് നായർ (ബയോടെക്നോളജി), മഞ്ജു ബേബി ഐ (ബോട്ടണി), ആശ ആർ (കെമിസ്ട്രി), സുരേഷ് എസ്, റെജി കെ ധമൻ, മോത്തി ജി.എസ് (ഒപ്റ്റോഇലക്ട്രോണിക്സ്), നിജ എസ്, സിമി എസ്, വിജയ കുമാരി കെ (ഹിസ്റ്ററി), ജേക്കബ് സാം, സരിൻ തോമസ്, കാതറിൻ ഇ പെരേര (കൊമേഴ്സ്), രജിത ആർ.സി, രഞ്ജു എം (ഹിന്ദി), സുജ ജി (നേഴ്സിംഗ്), ദീപ ആർ (ഇംഗ്ലീഷ്), സുധീഷ് ഒ.എസ് (സംസ്കൃതം), വീണ ഗോപാൽ വി.പി (മലയാളം), ജിനു എസ് രാജൻ, ജോസഫ് ഐ തോമസ് (ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്) എന്നിവർക്ക് പിഎച്ച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## പരീക്ഷാഫലം

2018 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) (ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ച് ഒഴികെ)(സപ്ലിമെന്ററി, സെഷണൽ ഇംപ്രൂവ്മെന്റ്, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് റെഗുലർ 2016 അഡ്മിഷൻ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2019 ഫെബ്രുവരി 19 വരെ ഓൺലൈനായി അപേക്ഷിക്കാം. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ.

തിരുവനന്തപുരം.
01.02.2019

പബ്ലിക് റിലേഷൻസ് ഓഫീസർ